സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നത്

122 (1199) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. ടി. വി. രാജേഷ് :
ശ്രീ. ആർ. രാജേഷ് :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നതു സംബന്ധിച്ച് പൊതുനയം രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എയ്ഡഡ് പദവി നൽകുന്നതിന് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ;

(സി) കഴിഞ്ഞ നാലരവർഷത്തിനുള്ളിൽ സംസ്ഥാനത്ത് എത്ര സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ജില്ലാടിസ്ഥാനത്തിൽ പേരുവിവരം ലഭ്യമാക്കുമോ;

(ഡി) എയ്ഡഡ് പദവി നൽകിയ സ്കൂളുകളിൽ ആകെ എത്ര തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്; ഈ തസ്തികകളിലെ നിയമനം സംബന്ധിച്ച് സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) സർക്കാർ അംഗീകാരം നൽകാതെ ഏതെങ്കിലും സ്കൂൾ മാനേജ്മെന്റുകൾ നിയമനം നടത്തുകയുണ്ടായിട്ടുണ്ടോ; ഇങ്ങനെയുള്ള നിയമനത്തിന് പിന്നീട് സർക്കാർ അംഗീകാരം നൽകുകയുണ്ടായിട്ടുണ്ടോ; വിശദമാക്കാമോ;

(എഫ്) കഴിഞ്ഞ നാലര വർഷത്തിനുള്ളിൽ എയ്ഡഡ് പദവി നൽകിയ സ്കൂളുകളിൽ തസ്തിക സൃഷ്ടിച്ചതു വഴി എത്ര രൂക അധിക ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ & ബി) ഇല്ല.

(സി-എഫ്) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും

123 (1200) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അദ്ധ്യയന വർഷത്തെ രണ്ടാംഘട്ട പാഠപുസ്തക വിതരണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അടുത്ത അദ്ധ്യയന വർഷം ഏതെങ്കിലും പാഠപുസ്തകങ്ങൾ പുളിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) അടുത്ത അദ്ധ്യയന വർഷത്തെ പാഠപുസ്തകങ്ങളുടെ അച്ചടികളുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും, എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) 2015-16 അദ്ധ്യയന വർഷത്തിലെ 1 മുതൽ 10 വരെ ക്ലാസുകളിലെ പാഠപുസ്തകത്തിന്റെ വിതരണം കെ.ബി.പി.എസിനെയാണ് ഏൽപ്പിച്ചിരുന്നത്. സ്കൂൾ ഹെഡ്മാസ്റ്റർമാർ നൽകിയ ഇൻഡന്റ് പ്രകാരം ഉള്ള രണ്ടാം വാല്യം പാഠപുസ്തക വിതരണം 30-10-2015-നകം പൂർത്തിയായതായി കെ.ബി.പി.എസ്. അറിയിച്ചിട്ടുണ്ട്. അധികമായി ആവശ്യമുള്ള പാഠപുസ്തകങ്ങൾ ആവശ്യമുള്ളപക്ഷം അതിനുവേണ്ടിയുള്ള ഇൻഡന്റ് 7-12-2015-നകം നൽകാനും സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി ക്ലാസുകളിലെ പാഠപുസ്തകങ്ങളുടെ രണ്ടാംഘട്ട വിതരണവും പൂർത്തിയായിട്ടുണ്ട്.

(ബി) 9, 10 ക്ലാസുകളിലെ പുസ്തകങ്ങളും രണ്ടാം വർഷ വി.എച്ച്.എസ്.ഇ. വൊക്കേഷണൽ വിഷയങ്ങളുടെ പാഠപുസ്തകങ്ങളും മാറുന്നുണ്ട്.

(സി) 5-11-2015-ലെ ഗവൺമെന്റ് ഉത്തരവ് (കൈ)നമ്പർ 281/2015/ പൊ.വി.വ ഉത്തരവ് പ്രകാരം 2016-17 അധ്യയന വർഷത്തെ പാഠപുസ്തകങ്ങൾക്ക് ആവശ്യമായിട്ടുള്ള പേപ്പറുകളുടെ പർച്ചേസും അച്ചടിയും വിതരണവും പൂർണ്ണമായും കെ.ബി.പി.എസിനെ ഏൽപ്പിച്ച് ഉത്തരവായിട്ടുണ്ട്. 9, 10 ക്ലാസുകളിലേക്ക് മാറ്റമുള്ള പാഠപുസ്തകങ്ങളുടെ സി.ഡി.-കൾ എസ്.സി.ഇ.ആർ.ടി.-യിൽ നിന്നും ലഭ്യമായവ കെ.ബി.പി.എസിനെ ഏൽപ്പിച്ചിട്ടുണ്ട്. 2016-17 അധ്യയന വർഷത്തെ 7, 8 ക്ലാസുകളിലെ പാഠപുസ്തകങ്ങൾ അച്ചടിച്ച് തുടങ്ങിയതായും 2016 ഏപ്രിൽ മാസത്തിൽ പുസ്തകങ്ങൾ സ്കൂളുകളിൽ എത്തിക്കാൻ കഴിയുമെന്നും കെ.ബി.പി.എസ്. ഉറപ്പ് നൽകിയിട്ടുണ്ട്. പ്ലസ് ടു ക്ലാസുകളിലെ പാഠപുസ്തകങ്ങളും സമയബന്ധിതമായി വിതരണം ചെയ്യാൻ നടപടി കൈക്കൊണ്ടുവരുന്നു.

ഇൻകൾക്കേറ്റ് സ്കോളർഷിപ്പ് പദ്ധതി

124 (1201) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾക്കായി ഇൻകൾക്കേറ്റ് സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly